"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

തൈക്കാട്, തിരുവനന്തപുരം-14

**അഡീഷണൽ ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: ശ്രീ.ബി.ശ്രീകുമാർ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ഐ.ടി. ലിറ്ററസി പരീക്ഷ പാസ്സായാൽ മാത്രമേ എസ്.ടി.സി. ലഭ്യമാവുകയുള്ളൂ- ഉത്തരവ് റദ്ദ് ചെയ്യുന്നത്- സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:-
1. ഡി.ജി.ഇ.& റ്റി യുടെ 15/10/2010 ലെ 19(19)/2010-സിഡി നമ്പർ കത്ത്.
2. ഡി.ജി.ഇ.& റ്റി യുടെ 04/10/13 ലെ ഡി.ജി.ഇ.റ്റി-19/19/2010-സിഡി നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ജി2/4435/12 തീയതി: 21/10/2013**

സൂചന (1) ലെ കത്ത് പ്രകാരം ആഗസ്റ്റ് 2011 അഡ്മിഷൻ മുതൽ ട്രെയിനികൾക്ക് എൻ.ടി.സി. ലഭിക്കണമെങ്കിൽ ഐ.ടി ലിറ്ററസി കോഴ്സ് കൂടി പാസ്സാകണം എന്ന നിർദ്ദേശം ഡി.ജി.ഇ.റ്റി നൽകിയിരുന്നു.

ഡി.ജി.ഇ.റ്റി യുടെ ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആഗസ്റ്റ് 2011 അഡ്മിഷൻ മുതൽ എസ്.സി.വി.റ്റി കോഴ്സിൽ പഠിക്കുന്ന ട്രെയിനികൾക്കും എസ്.ടി.സി.ലഭിക്കണമെങ്കിൽ ഐ.ടി. ലിറ്ററസി കോഴ്സ് പാസ്സാകണം എന്ന നിബന്ധന എസ്.സി.വി.റ്റി നടപ്പിലാക്കിയത്.

എന്നാൽ സൂചന (2) ലെ കത്ത് പ്രകാരം എൻ.ടി.സി. ലഭിക്കുന്നതിന് ഐ.ടി.ലിറ്ററസി കോഴ്സ് പാസ്സാകണം എന്ന നിബന്ധന ഡി.ജി.ഇ.റ്റി പിൻവലിച്ചിരിക്കുന്നു. ഇതിൻ പ്രകാരം എസ്.സി.വി.റ്റി കോഴ്സിൽ പഠിക്കുന്ന ട്രെയിനികൾക്കും ഐ.ടി. ലിറ്ററസി കോഴ്സ് പാസ്സായാൽ മാത്രമേ എസ്.ടി.സി ലഭിക്കുകയുള്ളൂ എന്ന നിബന്ധനയും എസ്.സി.വി.ടി പിൻവലിച്ചിരിക്കുന്നു എന്ന് അറിയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി വിവരം പ്രിൻസിപ്പാൾമാർ ട്രെയിനികളെ അറിയിക്കേണ്ടതും നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്.

**വിശ്വസ്തതയോടെ,**

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

A-22-10-13